## പതിമൂന്നാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3399

09.04.2013 ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഭൂരഹിതർ

**ചോദ്യം**
ശ്രീ.പി.ബി അബ്ദുൾ റസാക്

**ഉത്തരം**
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഭൂരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി പ്രകാരം 15.08.2012-ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ കാസർഗോഡ് ജില്ലയിൽ 10951 ഭൂരഹിത കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തി. അപേക്ഷ സ്വീകരിക്കുന്ന തീയതി 15.2.2013 വരെ ദീർഘിപ്പിച്ചപ്പോൾ ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടന്നു വരുന്നു. ഇതിന് ശേഷമേ ആകെ എത്ര കുടുംബങ്ങൾ അർഹരായി ഉണ്ട് എന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (ബി) | ഇവർക്ക് ഭൂമി ലഭ്യമാക്കാനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതിയുടെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളും, കണ്ടെത്തിയ ഭൂമി സർവ്വേ ചെയ്യുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |
| (സി) | ജില്ലയിൽ റവന്യു വകുപ്പ് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റിന് വിട്ട് കൊടുത്ത ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രസ്തുത സ്ഥലം പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ